**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4192** **28-10-2021 - ൽ മറുപടിയ്ക്ക്**

**അപകട ഇൻഷ്വറൻസ് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന നടപ്പാക്കി വരുന്ന അപകട ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച വിശദ വിവരം നൽകാമോ; | (എ) | സർക്കാർ ജീവനക്കാർ, അധ്യാപകർ, എയ്ഡഡ് സ്ഥാപനങ്ങളിലെ അധ്യാപക അനധ്യാപക ജീവനക്കാർ, പാർട്ട് -ടൈം കണ്ടിജന്റ് ജീവനക്കാർ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർ, സർവ്വകലാശാല, പൊതുമേഖലാ സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സ്ഥിരം ജീവനക്കാർക്ക് അപകട മരണം, അപകടം മൂലം സംഭവിച്ച സ്ഥിരമായ അംഗവൈകല്യം എന്നിവയിൽ പരിരക്ഷ നൽകുന്നതിന് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിന് കീഴിൽ ആരംഭിച്ച പദ്ധതിയാണ് ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (GPAIS). 29/05/2007തീയതിയിലെ സ.ഉ(പി).നമ്പർ.221/07/ധന ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പും നാഷണൽ ഇൻഷ്വറൻസ് കമ്പനിയും കോ-ഇൻഷ്വറൻസ് വ്യവസ്ഥയിൽ സർക്കാർ ജീവനക്കാർക്കും അദ്ധ്യാപകർക്കും മാത്രമായി നടപ്പാക്കിയിരുന്നു. 23/11/2010തീയതിയിലെ സ.ഉ(പി).നമ്പർ. 616/2010/ധന ഉത്തരവ് പ്രകാരം കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖേന ഗ്രൂപ്പ് പേഴ്സണൽ അപകട ഇൻഷ്വറൻസ് പദ്ധതി (ജി.പി.എ.ഐ.എസ്) തുടർന്നു വരുന്നു. ജി.പി.എ.ഐ.എസ് സംസ്ഥാനത്തെ പാർട്ട് ടൈം കണ്ടിജന്റ് എംപ്ലോയീസ് ഉൾപ്പെടുന്ന സർക്കാർ ജീവനക്കാർ, അദ്ധ്യാപകർ, എയ്ഡഡ് സ്കൂൾ/ കോളേജ് എന്നീ സ്ഥാപനങ്ങളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാർ, പഞ്ചായത്ത് മുൻസിപ്പൽ കോമൺ സർവ്വീസ് എന്നിവിടങ്ങളിലെ ജീവനക്കാർ, മുൻസിപ്പൽ കോമൺ സർവ്വീസിലെ കണ്ടിജന്റ് ജീവനക്കാർ, സർവ്വകലാശാല ജീവനക്കാർ, പൊതുമേഖലാ സ്ഥാപനങ്ങൾ/ സഹകരണ |

| | | | |
|---|---|---|---|
| | | | സ്ഥാപനങ്ങൾ/ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർക്കെല്ലാം ബാധകമാക്കിയിട്ടുള്ളതുമാണ്. 18/11/2019 തീയതിയിലെ സ.ഉ. (പി) നം.159/2019/ധന പ്രകാരം എസ്.എൽ.ആർ വിഭാഗം ജീവനക്കാരെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നിലവിൽ സർക്കാർ ജീവനക്കാർക്ക് 500/-രൂപ, സ്വയം ഭരണ സ്ഥാപനങ്ങളായ സർവ്വകലാശാല/ പൊതുമേഖലാ/ സഹകരണസ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 500രൂപ+GST, കെ.എസ്.ആർ.ടി.സി ജീവനക്കാർക്ക് 600രൂപ+GST, കെ.എസ്.ഇ.ബി ജീവനക്കാർക്ക് 850രൂപ+GST, എസ്.എൽ.ആർ വിഭാഗം ജീവനക്കാർക്ക് 500രൂപ+GST എന്ന ക്രമത്തിലാണ് വാർഷിക പ്രീമിയം തുക നിശ്ചയിച്ചിട്ടുള്ളത്. കൂടാതെ സംസ്ഥാനത്തെ ഇൻഡ്യാ റിസർവ് ബറ്റാലിയൻ കമാൻഡോകൾക്കും വനിത പോലീസ് ബറ്റാലിയൻ കമാൻഡോകൾക്കും കമാൻഡോ ഓപ്പറേഷനുകൾക്കിടയിൽ സംഭവിക്കുന്ന അപകടമരണങ്ങൾക്ക് 24/02/2019 തീയതിയിലെ സ.ഉ.(പി).നമ്പർ.21/2019/ധന, 18/11/2019 തീയതിയിലെ സ.ഉ.(പി) നമ്പർ.159/2019/ധന, 05/11/2020 തീയതിയിലെ സ.ഉ. (പി).നം.150/2020/ധന എന്നീ ഉത്തരവുകൾ പ്രകാരവും, പോലീസ് വകുപ്പിലെ കോസ്റ്റൽ പോലീസ് വിഭാഗം ജീവനക്കാർക്ക് ഡ്യൂട്ടിക്കിടയിൽ സംഭവിക്കുന്ന അപകടമരണ ങ്ങൾക്ക് 10/02/2021തീയതിയിലെ സ.ഉ.(പി)നം.26/2021/ധന, 26/07/2021 തീയതിയിലെ സ.ഉ.(പി).നം.106/2021/ധന എന്നീ ഉത്തരവുകൾ പ്രകാരവും പ്രീമിയം 800/- രൂപയ്ക്ക് വാഗ്ദത്ത തുക 20ലക്ഷം രൂപ എന്ന നിലയിൽ പ്രത്യേക ഇൻഷുറൻസ് പരിരക്ഷ അനുവദിച്ച് കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ജീവനക്കാർക്ക് മറ്റ് രീതിയിൽ സംഭവിക്കുന്ന അപകടങ്ങൾക്ക് വാഗ്ദത്ത തുക 10 ലക്ഷം രൂപയായും നിജപ്പെടുത്തിയിട്ടുണ്ട് . 23/11/2010 തീയതിയിലെ സ.ഉ.(പി).നം.616/2010/ധന ഖണ്ഡിക 6 പ്രകാരം നിയമം തെറ്റിച്ചുണ്ടാകുന്ന അപകട മരണങ്ങൾക്കും , ആത്മഹത്യ കേസുകൾക്കും, മദ്യപിച്ചുണ്ടാകുന്ന അപകട മരണങ്ങൾക്കും ക്ലെയിമിന് അർഹതയില്ല. |
| (ബി) | 2015 മുതൽ 2021 വരെ ഇതുമായി ബന്ധപ്പെട്ട് എത്ര ക്ലെയിമുകൾ ഓരോ വർഷവും നൽകിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (ബി) | വർഷം ക്ലെയിമുകളുടെ എണ്ണം 2015- 140 2016- 137 2017- 115 2018- 102 2019- 91 2020- 48 2021- ആകെ 22 GPAISക്ലെയിമുകൾ പ്രസ്തുത വർഷത്തിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതിൽ 3 ക്ലെയിമുകൾ തീർപ്പാക്കുന്നതിനുള്ള അവസാന ഘട്ട നടപടികൾ സ്വീകരിച്ചു വരുന്നു; ബാക്കിയുള്ള 19 ക്ലെയിമുകൾ |

| | | | |
|---|---|---|---|
| | | | തീർപ്പാക്കുന്നതിന് ബന്ധപ്പെട്ട ക്ലെയിം രേഖകൾ ശേഖരിച്ച് വരുന്നു. |
| (സി) | പ്രസ്തുത പദ്ധതിയിൽ അംഗമല്ലാത്ത പൊതുമേഖല സ്ഥാപനങ്ങളുടെ വിശദവിവരം നൽകാമോ; | (സി) | എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളും പ്രസ്തുത പദ്ധതിയിൽ അംഗങ്ങളാണ്. |
| (ഡി) | ഇതിൽ അംഗമാകുന്ന എല്ലാ ജീവനക്കാർക്കും ഒരേ പ്രീമിയം നിരക്കാണോ വാങ്ങുന്നത്; അല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വിശദമാക്കാമോ? | (ഡി) | അല്ല. കെ.എസ്.ഇ.ബി, കെ.എസ്.ആർ.ടി.സി, റിസർവ്വ് ബറ്റാലിയൻ കമാൻഡോസ് തുടങ്ങിയ ജീവനക്കാർക്ക് പ്രീമിയം തുക യഥാക്രമം 850/-,600/-,800/- രൂപയും മറ്റ് ജീവനക്കാർക്ക് 500/- രൂപയുമാണ് പ്രീമിയം നിരക്ക്. അപകട സാധ്യത കൂടുതലുള്ള മേഖലയിൽ ജോലി ചെയ്യുന്നതുകൊണ്ടാണ് പ്രീമിയം തുക കൂടുതൽ ഈടാക്കുന്നത്. |

സെക്ഷൻ ഓഫീസർ